"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - പാലക്കാട് ജില്ല - അഗളി ഗ്രാമപഞ്ചായത്ത് മുൻ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.ലെജിത്ത് സി.കെ. ക്ക് എതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1032/2026/LSGD തീയതി,തിരുവനന്തപുരം, 19-05-2026

---

പരാമർശം:-
1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 08/07/2024 ലെ E12-(SC-27/2024/PKD)52745/2023/DVACB കത്ത്.
2. സർക്കാരിന്റെ 24/10/2024 ലെ ഇപിബി3/169/2024/തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24/07/2025 ലെ LSGD/PD/39320/2024-VIGC6 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ അഗളി ട്രൈബൽ താലൂക്കിലെ അഗളി ഗ്രാമപഞ്ചായത്തിൽ നിർമ്മാണം പൂർത്തിയായ കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടും കാലതാമസം വരുത്തിയെന്നും കൂടാതെ ഗൂഗിൾ പേ വഴി കൈക്കൂലി നൽകിയെന്നുമുള്ള പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തി ചുവടെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

i. ശ്രീ.ഹുസൈൻ എന്നയാളുടെ കെട്ടിടനിർമ്മാണ പൂർത്തീകരണ സർട്ടിഫിക്കറ്റ് അനുവദിക്കുന്ന സമയം അഗളി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. അനിൽ ടി.വി. സെറ്റ് ബാക്ക് ഏരിയയുടെ അപാകത കാണിച്ച് കുറിപ്പെഴുതിയത് ടി സ്ഥലത്തിന്റെ പഞ്ചായത്തിലെയോ വില്ലേജിലെയോ രേഖകളൊന്നും പരിശോധിക്കാതെയാണെന്ന് കാണുന്നു.

ii. ശ്രീ. ഹുസൈൻ എന്നയാളുടെ കെട്ടിടനിർമ്മാണത്തിൽ മഴവെള്ള സംഭരണിയുടെ പണി പൂർത്തീകരിക്കാതെ തന്നെ പൂർത്തീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തി കാണുന്നു.

iii. ശ്രീ. ഹുസൈൻ എന്നയാളുടെ കെട്ടിട നിർമ്മാണത്തിലെ ന്യൂനതകൾ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതു പരിഹരിക്കാതെ തന്നെ ടി

കെട്ടിടങ്ങൾക്ക് അഗളി ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി നമ്പർ അനുവദിച്ചതായി കാണുന്നു.

2. മേൽ ക്രമക്കേട് (iii)-ന് ഉത്തരവാദിയായ അഗളി ഗ്രാമ പഞ്ചായത്ത് മുൻ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നും വിശദീകരണം തേടി ഉചിതമായ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് വിജിലൻസ് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ അഗളി ഗ്രാമ പഞ്ചായത്തിലെ പരാമർശ കാലയളവിലെ അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന ശ്രീ. ലെജിത്ത് സി.കെ. ക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 16 പ്രകാരം വിജിലൻസ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ചുവടെ പറയുന്ന കുറ്റാരോപണങ്ങൾ ഉൾപ്പെടുത്തി പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

*ശ്രീ. ഹുസൈൻ എന്നയാളുടെ കെട്ടിട നിർമ്മാണത്തിലെ ന്യൂനതകൾ സംബന്ധിച്ച്, കെട്ടിടം ക്രമവത്കരിക്കുന്നതിന് സാങ്കേതിക വിഭാഗം പരിശോധിച്ചതിൽ റോഡിൽ നിന്നുമുള്ള സെറ്റ് ബാക്ക് ലഭ്യമല്ല എന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നതെന്നും എന്നാൽ സെക്രട്ടറിയുടെ നിർദ്ദേശാനുസരണം അപേക്ഷകനിൽ നിന്ന് 200/- രൂപയുടെ മുദ്രപത്രത്തിൽ അപാകത സംബന്ധിച്ച് സമ്മതപത്രം ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന് ക്രമവത്കരണ ഫീ 63459/- രൂപ അടവാക്കിയതായും ആയതു പ്രകാരം സെക്രട്ടറി ടി കെട്ടിടങ്ങൾക്ക് 9/1285 A, 9/1285 B എന്നിങ്ങനെ നമ്പറുകൾ അനുവദിച്ച് ഉത്തരവാക്കിയിട്ടുള്ളതായും, തുടർന്ന് 22/11/2023 തീയതിയിൽ ടി കെട്ടിടങ്ങളുടെ ക്രമവത്ക്കരണത്തിനുള്ള അപേക്ഷ പരിഗണിക്കരുതെന്നുള്ള നോട്ട് ഫയൽ രേഖപ്പെടുത്തലുകൾ ടി ഫയലിൽ കാണപ്പെട്ടതായും, എന്നാൽ ആയത് പരിഗണിക്കാതെ തന്നെ 24/11/2023 തീയതി അഗളി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന ശ്രീ. ലെജിത്ത് സി.കെ., ടി ഫയൽ Completed എന്ന് രേഖപ്പെടുത്തി എച്ച്.ഡിസ്. മോഡിൽ തീർപ്പാക്കിയതായും ഫയൽ പരിശോധനയിൽ വിജിലൻസ് കണ്ടെത്തിയിട്ടുണ്ട്.*

3. ശ്രീ. ലെജിത്ത് സി.കെ. 30.01.2025-ന് മേൽ കുറ്റാരോപണ മെമ്മോ കൈപ്പറ്റിയിട്ടുണ്ടെങ്കിലും വിശദീകരണം ലഭ്യമാക്കിയിട്ടില്ല എന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി. ടി സാഹചര്യത്തിൽ, കുറ്റാരോപണ മെമ്മോയിലെ കുറ്റാരോപണങ്ങൾ നിലനിൽക്കുന്നതായി നിരീക്ഷിച്ച്, അഗളി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന ശ്രീ. ലെജിത്ത് സി.കെ.-ക്കെതിരെ KCS (CC & A) Rules, 1960 ലെ ചട്ടം 16 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ, KCS (CC&A) Rules 1960 ലെ ചട്ടം 11(2) പ്രകാരം ടിയാന്റെ 2 വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫല പ്രാബല്യമില്ലാതെ തടഞ്ഞ് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇക്കാര്യത്തിൽ തുടർ നടപടികൾ

സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീ. ലെജിത്ത് സി.കെ, മുൻ അസിസ്റ്റന്റ് സെക്രട്ടറി, അഗളി ഗ്രാമപഞ്ചായത്ത്, *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).*
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
4. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, പാലക്കാട്.
5. വിജിലൻസ് (ഡി) വകുപ്പ് ***(06/11/2025 തീയതിയിലെ VIG-D2/351/2025 VIG** നമ്പർ കുറിപ്പ് പ്രകാരം).*
6. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി. *(ഫയൽ നം. ഇപിബി3/169/2024/തസ്വഭവ.)*

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
സെക്ഷൻ ഓഫീസർ
Date: 19-05-2026 11:05:10